നമ്മുടെ നിയന്ത്രണത്തിന് അതീതമായ പല കാരണങ്ങളെക്കൊണ്ടും റവന്യൂ അക്കൗണ്ടിലും മൂലധന അക്കൗണ്ടിലും വൻതോതിലുള്ള കമ്മി അഭിമുഖീകരിക്കേണ്ടിവരും. ഏകീകൃതമായ ദേശീയ വികസനത്തിന്റെ വിശാല താൽപ്പര്യങ്ങളും കണക്കിലെടുത്തുകൊണ്ട് ക്രിയാത്മകവും ഭാവനാസമ്പന്നവുമായ നീക്കങ്ങളും ഇൻഡ്യാഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായാൽ മാത്രമേ ഇന്നത്തെ ദുർഘടസന്ധിയിൽനിന്നും നമുക്കു മോചനമുണ്ടാകയുള്ളൂ.

പ്ലാനിംഗ് കമ്മിഷൻ നാലാം പദ്ധതിക്ക് അവസാനരൂപം നൽകി കഴിഞ്ഞു. പാർലമെന്റിന്റെ ഇപ്പോഴത്തെ സമ്മേളനത്തിൽ തന്നെ അതു സമർപ്പിക്കപ്പെടുമെന്നുവേണം വിചാരിക്കാൻ. കേന്ദ്രവിഹിതമായ 175 കോടിരൂപയും സംസ്ഥാനത്തിന്റെ പങ്കായി 53 കോടി രൂപയും ചേർന്ന് 258 കോടിരൂപയുടെ മുതൽമുടക്കാണ് നമ്മുടെ സംസ്ഥാനത്ത് ഉദ്ദേശിച്ചിട്ടുള്ളത്. ഈ 83 കോടി രൂപയിൽ 33 കോടിരൂപയും പൊതുസ്ഥാപനങ്ങളും പൊതുക്കടമായും ധനകാര്യസ്ഥാപനങ്ങളിൽനിന്നു പ്രത്യേകമായ ഉടമ്പടി പ്രകാരം വാങ്ങുന്ന വായ്പകളായും സമാഹരിക്കേണ്ടതാണ്. പദ്ധതിയുടെ സ്റ്റേറ്റ് വിഭാഗത്തിലെ മൊത്തത്തിലുള്ള മുതൽ മുടക്ക് 500 കോടി രൂപയോളം വർദ്ധിപ്പിക്കുമെന്നും എന്നാൽ കേന്ദ്രസഹായം മുമ്പ് നിശ്ചയിച്ചിരുന്നതോതിൽത്തന്നെ അതായത് 3,500 കോടി രൂപയായി നിർത്തുമെന്നും പത്രവാർത്തകളുണ്ടായിരുന്നു. മുതൽമുടക്കിലുള്ള ഈ വർദ്ധനകൊണ്ടുള്ള പ്രയോജനം ഈ സംസ്ഥാനത്തിനും അനുഭവപ്പെടുമെന്നും അതിനാവശ്യമുള്ള അധിക വിഭവങ്ങൾകൂടി ലഭിക്കുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു.

സാമ്പത്തികരംഗം

അടുത്തതായി 1969—ലെ സാമ്പത്തികസ്ഥിതിയെപ്പറ്റി ഹ്രസ്വമായ ഒരവലോകനത്തിലേക്ക് ഞാൻ കടക്കുകയാണ്.

വേണ്ടകാലത്ത് സാമാന്യം നല്ല മഴയും മേത്തരം വിത്തുകളുമുപയോഗിച്ചു കർഷകർ വിളവിറക്കാൻ കാണിച്ച താൽപ്പര്യവും നിമിത്തം, കാർഷികമേഖലയെ സംബന്ധിച്ചിടത്തോളം 1969 പുരോഗതിയുടെ ഒരു വർഷമായിരുന്നു. പ്രധാന വിളവുകളും കൃഷിചെയ്യുന്ന ഭൂമിയുടെ വിസ്തൃതിയിൽ സാരമായ വർദ്ധനയുണ്ടായിട്ടുണ്ട്. ആകെ വിളഭൂമിയുടെ കാര്യത്തിൽ 3.5% വർദ്ധനയുണ്ടായപ്പോൾ നെൽക്കൃഷിസ്ഥലത്തിന്റെ മാത്രമുള്ള വർദ്ധന 8 ശതമാനമാണ്. ഈ വർദ്ധനയുടെ ഏതാണ്ട് 74 ശതമാനവും ഒന്നിലധികം തവണ കൃഷിയിറക്കാൻ കഴിഞ്ഞതിന്റെ ഫലമാണെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്. നിലവിലുള്ള കൃഷിസ്ഥലങ്ങളിൽ ഇരുപ്പൂവും, മുപ്പൂവും കൃഷിയിറക്കുന്ന ആരോഗ്യകരമായ പ്രവണതയാണ് ഇതു സൂചിപ്പിക്കുന്നത്.

മരച്ചീനി, കുരുമുളക് എന്നിവയൊഴികെയുള്ള പ്രധാന വിളവുകളുടെ ഉൽപ്പാദനത്തിൽ ഗണ്യമായ വർദ്ധന 1968—69—ൽ ഉണ്ടായിട്ടുണ്ട്. അരിയെസംബന്ധിച്ചിടത്തോളം മുൻ റിക്കാർഡുകളെ ഭേദിച്ചുകൊണ്ട് ഉൽപ്പാദനം 12.51 ലക്ഷം ടണ്ണായി ഉയർന്നു. 11.3 ശതമാനം കണ്ടുള്ള ഈ വർദ്ധന കഴിഞ്ഞവർഷത്തെക്കാൾ ഏതാണ്ട് 1,27,000 ടൺ അധികമാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. നാളികേരം, അടയ്ക്ക എന്നിവയുടെ ഉൽപ്പാദനത്തിൽ 6.7 ശതമാനവും 7.1 ശതമാനവും വർദ്ധന രേഖപ്പെടുത്തിയിട്ടുണ്ട്. ഏത്തക്കായും മറ്റു വാഴപ്പഴങ്ങളും 4.3 ശതമാനം വർദ്ധിച്ചു. കശുഅണ്ടി, കരിമ്പ് എന്നിവയുടെ ഉൽപ്പാദനത്തിൽ യഥാക്രമം 1.1 ശതമാനവും 0.7 ശതമാവനവും വർദ്ധനകാണുന്നു. എന്നാൽ കുരുമുളകിന്റെ കാര്യത്തിൽ 3 ശതമാനവും മരച്ചീനിയുടെ കാര്യത്തിൽ 2. 8 ശതമാനവും കുറവ് അനുഭവപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മൽസ്യോൽപ്പാദനത്തിൽ നടപ്പുവർഷത്തിൽത്തിലെ വർദ്ധന 45 ശതമാന മാണെന്നു കണക്കാക്കപ്പെടുന്നു. 1967–68–ൽ 10.2 കോടി രൂപ വിലവരുന്ന 2.53 ലക്ഷം ടണ്ണിൽനിന്നും 1968-69–ൽ 13.2 കോടി രൂപ വിലയ്ക്കുള്ള 3.66 ലക്ഷം ടണ്ണായി ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ട്. കടലിൽ നിന്നും മുൻവർഷം 2.44 ടൺ മൽസ്യം ലഭിച്ചപ്പോൾ നടപ്പുവർഷത്തിൽ അത് 3.56 ടണ്ണായി വർദ്ധിച്ചു.

1968–69–ൽ കേരളത്തിൽനിന്നുമുള്ള കയറ്റുമതിയുടെ ആകെത്തുക 159.7 കോടി രൂപയായിരുന്നു. കയറ്റുമതി ഇനത്തിലുണ്ടായ വരുമാനവർദ്ധന പ്രധാനമായും കശുഅണ്ടിപ്പരിപ്പ്, സമുദ്രോൽപ്പന്നങ്ങൾ മുതലായവമൂലമുണ്ടാ യിട്ടുള്ളതാണ്. മുൻവർഷത്തിൽ കശുഅണ്ടിപ്പരിപ്പിന്റെ കയറ്റുമതി 56,220 ടൺ ആയിരുന്നെങ്കിൽ ഈ വർഷം അത് 61,560 ടൺ ആയി കൂടിയിട്ടുണ്ട്. വിലയുടെ അടിസ്ഥാനത്തിൽ നോക്കിയാൽ ഇത് ഏതാണ്ട് 7 കോടിരൂപാ അധികമാണെന്നു കാണാം. കശുഅണ്ടിപരിപ്പിന്റെ കയറ്റുമതി വ്യാപാരത്തിൽ അനുഭവപ്പെടുന്ന സവിശേഷതകൾ പ്രത്യേകം ശ്രദ്ധാർഹമാണ്. കഴിഞ്ഞ കാലങ്ങളിൽ കശുഅണ്ടിപരിപ്പിന്റെ കയറ്റുമതി വ്യാപാരത്തിൽ അനുഭവപ്പെടുന്ന സവി ശേഷതകൾ പ്രത്യേകം ശ്രദ്ധാർഹമാണ്. കഴിഞ്ഞ കാലങ്ങളിൽ കശു അണ്ടിപ്പരിപ്പ് പ്രധാനമായും വാങ്ങിയിരുന്നത് അമേരിക്കയായിരുന്നു. എന്നാൽ അടുത്ത കാലത്തായി സോവിയറ് റഷ്യാ ബ്രിട്ടൺ, കിഴക്കൻ ജർമ്മിനി, ആസ്ട്രേലിയാ, കാനഡാ തുടങ്ങിയ രാജ്യങ്ങൾ ഇക്കാര്യത്തിൽ കൂടുതൽ താൽപ്പര്യം കാണിച്ചു തുടങ്ങിയിട്ടുണ്ട്. സമുദ്രോൽപ്പന്നങ്ങളുടെ കയറ്റുമതിയുടെ ആകെത്തുക മുൻവർഷം 16 കോടി രൂപയായിരുന്നത് തന്നാണ്ടിൽ 21 കോടി രൂപയായി വർദ്ധിച്ചിരിക്കുന്നതായിക്കാണാം. ഈ ഉൽപ്പന്നങ്ങൾ മുപ്പത്തിയഞ്ചോളം വിദേശ രാജ്യങ്ങളിലേക്ക് നാം കയറ്റി അയയ്ക്കുന്നുണ്ട്. നമ്മുടെ സമുദ്രോൽപ്പന്നങ്ങൾ ഏറ്റവും കൂടുതൽ വാങ്ങുന്ന രാജ്യം അമേരിക്കയാണ്. തൊട്ടടുത്തുനിൽക്കുന്നത് ജപ്പാനും. എന്നാൽ കാപ്പി, തേയില, കയറുൽപ്പന്നങ്ങൾ, കുരുമുളക് എന്നിങ്ങനെയുള്ള നമ്മുടെ പരമ്പരാഗതമായ ചില കയറ്റുമതി സാധനങ്ങളുടെ കാര്യത്തിൽ മാന്ദ്യമാണ് അനുഭവപ്പെട്ടിട്ടുള്ളത്.

കുറഞ്ഞ സാങ്കേതിക വൈദഗ്ദ്ധ്യം മാത്രം ആവശ്യമുള്ള പരമ്പരാഗത ങ്ങളായ വ്യവസായങ്ങളാണ് നമ്മുടെ വ്യാവസായിക രംഗത്ത് ഇപ്പോഴും മോധാവിത്വം പുലർത്തുന്നത്. നമ്മുടെ വ്യാവസായികത്തൊഴിലാളികളിൽ 83 ശതമാനത്തോളം ഉൾക്കൊള്ളുന്നത് ഇപ്പോഴും കശുഅണ്ടി, കയർ, ഓട്, ഇഷ്ടിക, കൈത്തറി, എണ്ണയാട്ട് എന്നീ വ്യവസായങ്ങളാണ്. 1969–ജൂൺ അവസാനം വരെ രജിസ്റ്റർ ചെയ്ത കമ്പനികളുടെ എണ്ണം 3087 ആയിരുന്നു. വ്യവസായത്തൊഴിലാളികൾ 2 ലക്ഷവും. പൊതു സ്വകാര്യസ്ഥാപന ങ്ങളിലുണ്ടായ തൊഴിൽ സൗകര്യങ്ങളുടെ വർദ്ധന നമ്മുടെ രൂക്ഷമായ തൊഴിലില്ലായ്മയ്ക്ക് കാര്യമായ പരിഹാരമുണ്ടാക്കാൻ സഹായകമായിട്ടില്ല. വിദ്യാസമ്പന്നരുടെ ഇടയിലുള്ള തൊഴിലില്ലായ്മ ഗുരുതരമായ ഒരു പ്രശ്നമാണ്. മെട്രിക്കുലേറ്റുകളും ബിരുദധാരികളുമായി തൊഴിൽ തേടുന്ന വരുടെ എണ്ണം 1968–ജൂണിൽ 1,03,479 ആയിരുന്നത് 1969–ജൂൺ ആയ പ്പോഴേക്ക് 1,25,147 ആയി വർദ്ധിച്ചിട്ടുണ്ട്.

വിലവർദ്ധന 1969–ലും പുരോഗമിച്ചു തുടർന്നുവന്നു. 1968–ൽ 783 ആയിരുന്ന തൊഴിലാളികളുടെ ശരാശരി ജീവിത വില സൂചിക 1968–ൽ 32 പോയിന്റു കണ്ടുയർന്നു 815 ആയിത്തീർന്നു. ഇതു മുൻവർഷത്തെ അപേക്ഷിച്ച് കുറവാണ്. പ്രധാനമായും ഇതിന് കാരണം നെല്ലുൽപ്പാദന ത്തിലുണ്ടായ വർദ്ധനയും ഭക്ഷ്യധാന്യങ്ങളുടെ താരതമ്യേന മെച്ചപ്പെട്ട വിതരണക്രമവുമാണ്. മുളക്, മല്ലി, വെളിച്ചെണ്ണ, നാളികേരം തുടങ്ങിയ

LIBRARY ARCHIVES Kerala Legislative Assembly

നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധന ജീവിതച്ചെലവിലുണ്ടായ മാറ്റത്തിനു മുഖ്യമായും വഴിതെളിച്ചു.

മൊത്തത്തിൽ നോക്കിയാൽ ഈ വർഷം നമ്മുടെ സാമ്പത്തികസ്ഥിതി പൊതുവേ മെച്ചപ്പെട്ടാണിരിക്കുന്നത്. കാർഷികോൽപ്പാദനം, വർദ്ധിച്ചു. റിക്കാർഡു സൃഷ്ടിച്ച നെല്ലുൽപ്പാദനവും കേന്ദ്രത്തിൽ നിന്നുള്ള വർദ്ധിച്ച ഭക്ഷ്യധാന്യസഹായവുംമൂലം ഭക്ഷ്യരംഗത്ത് സ്വാഗതാർഹമായ ഒരു മാറ്റം ദൃശ്യമായി. കുറഞ്ഞൊരുകാലത്തെ മാന്ദ്യത്തിനു ശേഷം നമ്മുടെ വ്യവസായരംഗവും ചലനാത്മകമായി. അങ്ങനെ നമ്മുടെ സാമ്പത്തിക മേഖലാവികാസത്തിനും പുരോഗതിക്കും അനുകൂലമായ സാഹചര്യങ്ങളിലാണ് നിലകൊള്ളുന്നത്. ബഹുമുഖമായ സാമ്പത്തിക പുരോഗതി കൈവരുന്നതിനു മുൻകാലങ്ങളിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള വികസനോപാധികളെ പൂർണ്ണവും ഫലപ്രദവുമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനുള്ള കഠിനമായ പരിശ്രമങ്ങൾക്ക് നാം തയ്യാറാകേണ്ടിയിരിക്കുന്നു.

1970–71–ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിലേക്ക് കടക്കുന്നതിനുമുമ്പ് 1968–69–ലെ കണക്കുകളെപ്പറ്റിയും 69–70–ലെ പുതുക്കിയ എസ്റ്റിമേറ്റുകളെ സംബന്ധിച്ചും പ്രതിപാദിച്ചുകൊള്ളട്ടെ.

1968–69–ലെ കണക്കുകൾ

നീക്കിയിരിപ്പിൽ 3.62 കോടി രൂപയുടെ കുറവോടുകൂടി ആരംഭിച്ച 1968–69 സാമ്പത്തികവർഷം 5.72 കോടി രൂപയുടെ മിച്ചത്തോടുകൂടി അവസാനിച്ചതായിട്ടാണ് ബഡ്ജറ്റിൽ കാണിച്ചിട്ടുള്ളത്. 1969–മാർച്ച് മാസം 31–ാംതീയതി സംസ്ഥാന ഗവൺമെൻറിന്റെ കണക്കിൽ റിസർവ്വ് ബാങ്കിൽ ഉണ്ടായിരുന്ന നീക്കിയിരുപ്പ് (—) 5.52 കോടി രൂപയായിരുന്നു. റിസർവ്വ് ബാങ്കിൽ സംസ്ഥാന ഗവൺമെൻറിന്റെ കണക്കിൽ കുറഞ്ഞത് 30 ലക്ഷം രൂപാ നീക്കിയിരുപ്പ് ഉണ്ടായിരിക്കേണ്ടതുകൊണ്ട് മേൽപ്പറഞ്ഞ തീയതിയിലെ നീക്കിയിരുപ്പിലെ ആകെ കുറവ് 5.82 കോടി രൂപയായിരുന്നു. സിവിൽ അക്കൗണ്ടിൽ ഈ കുറവ് താൽക്കാലിക വായ്പയായി കണക്കിലെടുക്കുകയും പൊതുക്കടക്കണക്കിൽ വരവായി കാണിക്കുകയും ചെയ്തു. ഇപ്രകാരം നീക്കിയിരുപ്പിൽ തത്തുല്യമായ മിച്ചം ഉണ്ടായി. 1969 ഏപ്രിൽ മാസാരംഭത്തിൽ നടത്തിയ അഡ്ജസ്റ്റ്മെൻറുകളുടെ ഫലമായി 1969 മാർച്ച് 31–ലെ നീക്കിയിരുപ്പിൽ 4.92 കോടി രൂപയുടെ വർദ്ധനയുണ്ടാകുകയും റിസർവ്വ് ബാങ്കിൽ സംസ്ഥാന ഗവൺമെൻറിന്റെ കാഷ് ബാലൻസ് (—) 60 ലക്ഷം രൂപയായി കുറയുകയും ചെയ്തു.

1968–69 അവസാനത്തിൽ സംസ്ഥാന ഗവൺമെൻറിന്റെ മൊത്തത്തിലുള്ള നീക്കിയിരുപ്പ്, ട്രഷറികളിലെ നീക്കിയിരുപ്പും ബാങ്കുകളിലെ നിക്ഷേപത്തുകയും കണക്കിലെടുക്കുമ്പോഴും (—) 9 ലക്ഷം ആയിരുന്നു. എന്നാൽ അക്കൗണ്ടൻറ് ജനറൽ തയ്യാറാക്കിയ സിവിൽ അക്കൗണ്ടിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റ് രേഖകളിലെല്ലാം നീക്കിയിരിപ്പ് 5.72 കോടി രൂപയായി കാണിക്കേണ്ടിയിരിക്കുന്നു.

റവന്യൂ കണക്കിൽ 6.96 കോടിയുടെ മിച്ചമുണ്ടായിരുന്നു. കഴിഞ്ഞ മൂന്നു കൊല്ലങ്ങളിൽ പൊതുക്കടം വീട്ടുന്നതിനുവേണ്ടി വകയിരുത്തിയിരുന്നതുകയിലുള്ള കുറവ് പരിഹരിക്കുന്നതിന് കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ച പ്രത്യേക ധനസഹായം ആണ് ഈ വർദ്ധനയ്ക്ക് പ്രധാന കാരണം. ഈ ധനസഹായം രൊക്കമായി തരുന്നതിനു പകരം കേന്ദ്രവുമായുള്ള വായ്പക്കണക്കിൽ തട്ടിക്കഴിക്കുകയാണ് ചെയ്തിട്ടുള്ളതെന്ന വസ്തുത

LIBRARY ARCHIVES Kerala Legislative Assembly